(സി) 18-3-2003-ൽ പട്ടം പി.എസ്.സി. ഓഫീസിലേയ്ക്ക് മുദ്രാവാക്യം വിളിച്ചുകൊണ്ട് പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയും പി.എസ്.സി. മെമ്പറെ തടസ്സം ചെയ്യാൻ ശ്രമിക്കുകയും ചെയ്തത് സംബന്ധിച്ച് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 549/2003 കേസ് സി.സി. 453/2006 ആയി കോടതിയിൽ നിലവിലുള്ളതാണ്. പ്രസ്തുത കേസ് പിൻവലിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ട്രാഫിക് വനിതാ വാർഡനെയും, പോലീസ് കോൺസ്റ്റബിളിനേയും പരസ്യമായി മർദ്ദിച്ച സംഭവം

33 (4639) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ഏപ്രിൽ മാസത്തിൽ കൊല്ലത്ത് ഗതാഗത കുരുക്കിൽപ്പെട്ട ഡി.വൈ.എഫ്.ഐ നേതാവിന്റെ കാർ മാറ്റുന്നതുമായി ബന്ധപ്പെട്ട് ട്രാഫിക് വനിതാ വാർഡനെയും പോലീസ് കോൺസ്റ്റബിളിനേയും പരസ്യമായി മർദ്ദിച്ച സംഭവത്തിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു ;

(ബി) ഇവരുടെ പേരിൽ ഏതൊക്കെ വകുപ്പ് പ്രകാരമാണ് കേസെടുത്തത് ;

(സി) ഇവരിൽ പ്രതിസ്ഥാനത്തുള്ള എത്ര പേരെ കസ്റ്റഡിയിലെടുത്തു എന്ന് വ്യക്തമാക്കുമോ ; ഇവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 8.

(ബി) U/s 143, 147, 332, 354, 149 IPC എന്നീ വകുപ്പുകൾ.

(സി) നാലുപേരെ (A1) - സവാദ് S/o കബീർ, (A2) - ജയകുമാർ S/o ഭാർഗ്ഗവൻ, (A3) - ശിവപ്രസാദ് S/o രാഘവൻ പിള്ള, (A4) - അനിത്ത് S/o പ്രഭാകരൻ.

ശ്രീ. ചെർക്കളം അബ്ദുള്ളയുടെ വീടും കാറും ആക്രമിച്ച കേസ്

34 (4640) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻമന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയുടെ വീടും കാറും ആക്രമിച്ചത് എന്നായിരുന്നുവെന്നും പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly